## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 170 — 11.06.2018 — ൽ മറുപടിക്ക്

# ഇ-പോസ് യന്ത്രങ്ങൾ മുഖേന റേഷൻ സാധനങ്ങളുടെ വെട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഇ-പോസ് യന്ത്രങ്ങളിൽ വൺ ടൈം പാസ്‌വേഡ് ഉപയോഗിച്ച് റേഷൻ സാധനങ്ങളുടെ വെട്ടിപ്പ് നടത്തുന്നതായ വാർത്തയുടെ നിജസ്ഥിതി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ആധാർ സീഡ് ചെയ്യിട്ടില്ലെങ്കിലോ ആധാർ പരാജയപ്പെടുകയാണെങ്കിലോ ഇ-പോസ് മെഷീനുകളിൽ വൺ ടൈം പാസ്‌വേഡ് ഉപയോഗിച്ച് ആതന്റിക്കേറ്റ് ചെയ്യാൻ സാധിക്കും. എന്നാൽ മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടില്ല എങ്കിലോ മൊബൈൽ റേഷൻ കടയിൽ കൊണ്ടു വരാത്ത അവസരത്തിലോ OTP (One Time Password) ലഭ്യമാകാത്തതിനാൽ ആതന്റിക്കേഷൻ ഇല്ലാതെ റേഷൻ വിതരണം നടത്തുന്നതിന് സാധിക്കും. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്ന സദുദ്ദേശ്യത്തോടെയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിക്കേഷൻ നടത്തി എന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അർഹതപ്പെട്ടവർക്ക് തന്നെയാണോ റേഷൻ സാധനങ്ങൾ ലഭിച്ചത് എന്നുറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്ത ശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നല്കുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഗുണഭോക്താവിനു തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്നുറപ്പു വരുത്താൻ സാധിക്കും. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്തു ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും.<br><br>നിലവിൽ പൂർണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ചു വരുന്നത്. നെറ്റ്‌വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ്‌വർക്കിനായി ഇപ്പോൾ രണ്ടു മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*